## ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 09.01.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മൂന്ന് ദിവസത്തെ ഗുജറാത്ത് സന്ദർശനത്തിന് നാളെ തുടക്കം. ഞായറാഴ്ച സോമനാഥ് സ്വാഭിമാൻ പർവിൽ പങ്കെടുക്കും.

**Prime Minister Narendra Modi's three-day visit to Gujarat will begin tomorrow . On Sunday, the Prime Minister will take part in the Somanath Swabhiman Parv.**

2. പ്രതിരോധ ഉൽപാദന മേഖലയിൽ രാജ്യം ഉടൻ സ്വയംപര്യാപ്തത കൈവരിക്കുമെന്ന് കേന്ദ്ര മന്ത്രി രാജ്നാഥ് സിംഗ്.

**Defence Minister Rajnath Singh today said that Defence sector is moving towards becoming self reliant in the field of defence production.**

3. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷാ നാളെ കേരളത്തിലെത്തും. തിരുവനന്തപുരത്ത് വിവിധ പരിപാടികളിൽ അദ്ദേഹം പങ്കെടുക്കും.

**Union Home Minister Amit Shah will arrive in Kerala tomorrow. He will participate in various programs in Thiruvananthapuram.**

4. ഇന്ത്യയ്ക്കും അമേരിക്കയ്ക്കുമിടയിലെ വ്യാപാര കരാർ ഉടൻ സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നതായി വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ.

**External Affairs Ministry today stressed that India and the US remain interested in a mutually beneficial trade deal between two complementary economies and look forward to concluding it.**

5. ശബരിമല സ്വർണ്ണക്കവർച്ച കേസിൽ തന്ത്രി കണ്ഠരര് രാജീവരെ പ്രത്യേക അന്വേഷണസംഘം അറസ്റ്റു ചെയ്തു.

**Sabarimala gold theft case: SIT arrests former chief priest Kandararu Rajeevaru.**

6. വനിതാ പ്രീമിയർ ലീഗിൻറെ നാലാം സീസണിന് ഇന്ന് തുടക്കം. ആദ്യ മത്സരം റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവും, മുംബൈ ഇന്ത്യൻസും തമ്മിൽ.

**WPL season 4 to begin today. First match to be played between Royal Challenges Bengaluru and Mumbai Indians.**

**************

## Prime Minister

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മൂന്ന് ദിവസത്തെ ഗുജറാത്ത് സന്ദർശനം നാളെ തുടങ്ങും. നാളെ വൈകുന്നേരം സോമനാഥിലെത്തുന്ന അദ്ദേഹം സോമനാഥ് ക്ഷേത്രത്തിലെ ഡ്രോൺ ഷോ വീക്ഷിക്കും. സോമനാഥ് ക്ഷേത്രത്തിന്റെ സംരക്ഷണത്തിനായി ജീവൻ ബലിയർപ്പിച്ച എണ്ണമറ്റ പോരാളികളെ ആദരിക്കുന്നതിനായി സംഘടിപ്പിക്കുന്ന ശൗര്യ യാത്ര'യിൽ പ്രധാനമന്ത്രി പങ്കെടുക്കും. സോമനാഥ് സ്വാഭിമാൻ പർവ് പ്രമാണിച്ച് നടക്കുന്ന പൊതുചടങ്ങിലും പങ്കെടുക്കും.

*****************

## PM GERMAN CHANCELLOR

ജർമ്മൻ ചാൻസലർ ഫ്രഡ്രിക്ക് മെർസ് രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഈ മാസം 12 ന് ഇന്ത്യയിലെത്തും. പ്രധാനമന്ത്രി നരേന്ദ്ര മോദി അഹമ്മദാബാദിൽ ഫ്രഡ്രിക്ക് മെർസുമായി കൂടിക്കാഴ്ച നടത്തും. പ്രധാനമന്ത്രി മോദിയുടെ ക്ഷണപ്രകാരം എത്തുന്ന അദ്ദേഹത്തിന്റെ ആദ്യത്തെ ഔദ്യോഗിക ഇന്ത്യൻ സന്ദർശനമാണിത്. ഇരു നേതാക്കളും സബർമതി ആശ്രമം സന്ദർശിക്കും. പ്രാദേശിക- ആഗോള പ്രധാന്യമുള്ള വിഷയങ്ങൾ ചർച്ചയാകും.

******************

## RAJNATH EV PLANT DAY (INTRO)

പ്രതിരോധ ഉൽപാദന മേഖലയിൽ രാജ്യം ഉടൻ സ്വയംപര്യാപ്തത കൈവരിക്കുമെന്ന് കേന്ദ്ര മന്ത്രി രാജ്നാഥ് സിംഗ്. ഉത്തർപ്രദേശിലെ ലഖ്നൗവിൽ അശോക് ലെയ്‌ലാൻഡ് ഇലക്ട്രിക് വെഹിക്കിൾ ഫാക്ടറി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. രാജ്യത്തെ നിയമങ്ങൾ ലളിതമാക്കാൻ സർക്കാർ സ്വീകരിച്ച നടപടികളിലൂടെ വ്യവസായികളുടെയും നിക്ഷേപകരുടെയും വിശ്വാസം വർദ്ധിപ്പിച്ചതായി അദ്ദേഹം പറഞ്ഞു .

(HOLD VOICE)

******************

## AMIT SHAH

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷാ വിവിധ പരിപാടികളിൽ പങ്കെടുക്കുന്നതിനായി നാളെ കേരളത്തിലെത്തും. ഞായറാഴ്ച തിരുവനന്തപുരത്ത് നടക്കുന്ന ബി.ജെ.പി യോഗങ്ങളിലും, കേരള കൗമുദി കോൺക്ലേവിലും അദ്ദേഹം പങ്കെടുക്കും.

******************

## VAISHNAW- CREATORS CORNER

വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവും സഹമന്ത്രി എൽ. മുരുകനും ന്യൂഡൽഹിയിൽ ക്രിയേറ്റേഴ്സ് കോർണർ ഉദ്ഘാടനം ചെയ്തു. ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലെ

സർഗ്ഗാത്മകമായ ഉള്ളടക്കങ്ങൾ പ്രദർശിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി പ്രസാർ ഭാരതി ആവിഷ്കരിച്ച പദ്ധതിയാണ് ക്രിയേറ്റേഴ്സ് കോർണർ. രാജ്യത്തെ ഒരു കോടി യുവാക്കളെ ക്രിയേറ്റർ

സമ്പദ്‌വ്യവസ്ഥയുമായി ബന്ധിപ്പിക്കുകയാണ് സർക്കാരിന്റെ

ലക്ഷ്യമെന്ന് ശ്രീ അശ്വിനി വൈഷ്ണവ് പറഞ്ഞു. വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം ഈ വർഷം

പൂർണ്ണമായി പുനഃസംഘടിപ്പിച്ച് പുതിയൊരു ഓപ്പറേറ്റിംഗ് സിസ്റ്റം

വികസിപ്പിക്കുമെന്ന് മന്ത്രി പറഞ്ഞു.

******************

## MEA - INDIA & US

ഇന്ത്യയ്ക്കും അമേരിക്കയ്ക്കുമിടയിലെ വ്യാപാര കരാർ ഉടൻ

സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നതായി വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ.

സന്തുലിതവും പ്രയോജനകരവുമായ വ്യാപാര കരാറിലെത്താൻ

ഇരുപക്ഷവും നിരവധി ചർച്ചകൾ നടത്തിയിട്ടുണ്ടെന്ന് ന്യൂഡൽഹിയിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കവേ

ജയ്സ്വാൾ പറഞ്ഞു.

******************

## RAILWAYS-AWARDS

70-ാമത് അതിവിശിഷ്ട് റെയിൽ സേവ പുരസ്കാരങ്ങൾ കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് ഇന്ന് വിതരണം ചെയ്തു.

100 റെയിൽവേ ഉദ്യോഗസ്ഥർക്കും മികച്ച റെയിൽവേ

സോണുകൾക്കുള്ള 26 പുരസ്കാരങ്ങളുമാണ്

സമ്മാനിച്ചത്. മഹാകുംഭ് ഉൾപ്പെടെ വെല്ലുവിളി

നിറഞ്ഞ ഘട്ടങ്ങളിൽ സുരക്ഷിതവും തടസരഹിതവുമായ യാത്ര ഉറപ്പാക്കിയ ഉദ്യോഗസ്ഥർക്കാണ് പുരസ്കാരങ്ങൾ

സമ്മാനിക്കുന്നത്.

******************

## VIKSIT BHARAT DIALOGUE

വികസിത് ഭാരത് യങ് ലീഡേഴ്സ് ഡയലോഗ് രണ്ടാം പതിപ്പിന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ തുടക്കമായി. നാലു ദിവസത്തെ പരിപാടിയിൽ ലോകമെമ്പാടുമുള്ള 2500-ഓളം യുവജനങ്ങൾ പങ്കെടുക്കുന്നുണ്ട്. വികസിത ഇന്ത്യയുമായി ബന്ധപ്പെട്ട ആശയങ്ങൾ യുവാക്കൾ പ്രധാനമന്ത്രിയ്ക്ക് മുൻപിൽ പങ്കുവയ്ക്കും. നാളെ നടക്കുന്ന ഉദ്ഘാടന ചടങ്ങിൽ ദേശീയ സുരക്ഷ ഉപദേഷ്ടാവ് അജിത് ഡോവൽ സന്നിഹിതനാവും. ഈ മാസം 12 ന് നടക്കുന്ന സമാപന സമ്മേളനത്തെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിസംബോധന ചെയ്യും. കേരളത്തെ പ്രതിനിധീകരിച്ച് 60-ഓളം യുവാക്കൾ വികസിത് ഭാരത് യങ് ലീഡേഴ്സ് ഡയലോഗിന്റെ ഭാഗമാവും.

******************

## GOYAL- EU

കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ യൂറോപ്യൻ യൂണിയൻ ട്രേഡ് ആൻഡ് ഇക്കണോമിക് സെക്യൂരിറ്റി കമ്മീഷണറുമായി ബ്രസ്സൽസിൽ കൂടിക്കാഴ്ച നടത്തി. ഇന്ത്യ - യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാർ അന്തിമമാക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായാണ് ചർച്ച. നിയമാധിഷ്ഠിത വ്യാപാര ചട്ടക്കൂടിനും ആധുനിക സാമ്പത്തിക പങ്കാളിത്തത്തിനും ഇരു രാജ്യങ്ങളും പ്രതിബദ്ധരാണെന്ന് ചർച്ചയ്ക്കു ശേഷം മന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു .

*****************

## PM- PRAVASI DIWAS

ഇന്ത്യയെ ലോകരാജ്യങ്ങളുമായി ബന്ധിപ്പിക്കുന്ന ശക്തമായ കണ്ണിയാണ് പ്രവാസി ഭാരതീയരെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ചെന്നെത്തുന്ന രാജ്യങ്ങളിലെ സമൂഹത്തെ പരിപോഷിപ്പിക്കാൻ ഇന്ത്യൻ പ്രവാസികൾക്ക് സാധിക്കുന്നതായും പ്രവാസി ഭാരതീയ ദിവസിനോടനുബന്ധിച്ച് നൽകിയ ആശംസാ സന്ദേശത്തിൽ പ്രധാനമന്ത്രി പറഞ്ഞു. 1915-ൽ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി ദക്ഷിണാഫ്രിക്കയിൽ നിന്ന് ഇന്ത്യയിലേക്ക്

മടങ്ങിയെത്തിയതിൻ്റെ സ്മരണയ്ക്കായാണ് ജനുവരി ഒൻപത് പ്രവാസി ഭാരതീയ ദിനമായി ആചരിക്കുന്നത്.

******************

## AMIT SHAH-NIDMS

ദേശീയ സുരക്ഷാ ഏജൻസിയുടെ നാഷണൽ ഐഇഡി ഡേറ്റാ മാനേജ്മെൻ്റ് സിസ്റ്റം കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ ഉദ്ഘാടനം ചെയ്തു. രാജ്യത്തിൻ്റെ സുരക്ഷ ശക്തിപ്പെടുത്തുന്നതിൽ ഈ സംവിധാനം നിർണ്ണായക പങ്ക് വഹിക്കുമെന്ന് അദ്ദേഹം പറഞ്ഞു. കൃത്യമായ വിവരം, കൃത്യമായ സമയത്ത് ലഭ്യമാക്കാൻ ഇതിലൂടെ സാധിക്കുമെന്നും കേന്ദ്ര ആഭ്യന്തര മന്ത്രി വ്യക്തമാക്കി.

******************

## JAISHANKAR- FRANCE (INTRO)

ഫ്രഞ്ച് പ്രസിഡൻ്റ് ഇമ്മാനുവൽ മാക്രോണുമായി വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ കൂടിക്കാഴ്ച നടത്തി. വ്യാപാരം, ധനകാര്യം, സാങ്കേതികവിദ്യ, ഊർജ്ജം, കണക്റ്റിവിറ്റി എന്നിവയാൽ നയിക്കപ്പെടുന്ന സമകാലിക ആഗോള മാറ്റങ്ങളെക്കുറിച്ച് സമ്മേളനത്തിൽ ചർച്ച ചെയ്തതായി അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. പാരീസിൽ നടന്ന അംബാസഡർമാരുടെ സമ്മേളനത്തെയും വിദേശകാര്യ മന്ത്രി അഭിസംബോധന ചെയ്തു. തന്ത്രപരമായ സ്വയംഭരണം പ്രോത്സാഹിപ്പിക്കുന്നതിൽ ഇന്ത്യ-ഫ്രാൻസ് പങ്കാളിത്തത്തിൻ്റെ പ്രാധാന്യം അദ്ദേഹം എടുത്തു പറഞ്ഞു.

(Hold Voice)

******************

## Kantarar Rajeevar- Arrest

ശബരിമല സ്വർണ്ണക്കവർച്ച കേസിൽ പ്രത്യേക അന്വേഷണസംഘം തന്ത്രി കണ്ഠരര് രാജീവരെ അറസ്റ്റു ചെയ്തു. തിരുവനന്തപുരത്തെ എസ് ഐ ടി ഓഫീസിൽ നടന്ന ചോദ്യം ചെയ്യലിന് പിന്നാലെയാണ് അറസ്റ്റ്. ഉണ്ണികൃഷ്ണൻ പോറ്റിയുടെ മൊഴിയെ തുടർന്നാണ് തന്ത്രിയെ, SIT കസ്റ്റഡിയിൽ എടുത്തത്. തന്ത്രിയെ

വൈദ്യപരിശോധനയ്ക്കായി അൽപസമയം മുൻപ് ജനറൽ ആശുപത്രിയിൽ എത്തിച്ചു. ഇന്നുതന്നെ കൊല്ലം വിജിലൻസ് കോടതിയിൽ ഹാജരാക്കുമെന്നാണ് ലഭ്യമാകുന്ന വിവരം.

SIT ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ സ്വതന്ത്രമായാണ് പ്രവർത്തിക്കുന്നതെന്നും ആരുടേയും സമ്മർദ്ദം SIT ക്ക് മേൽ ഇല്ല എന്നും ഡിജിപി റവാഡ ചന്ദ്രശേഖർ പ്രതികരിച്ചു. അതിനിടെ അന്വേഷണം ശരിയായ ദിശയിലാണ് എന്ന് കോടതി തന്നെ വ്യക്തമാക്കിയതാണെന്ന് ദേവസ്വം മന്ത്രി വി എൻ വാസവൻ കോട്ടയത്ത് മാധ്യമങ്ങളോട് പറഞ്ഞു.

******************

## Sabarimala

മകരവിളക്കിന് ദിവസങ്ങൾ മാത്രം ശേഷിക്കേ ഭക്തജനത്തിരക്കിൽ ശബരിമല സന്നിധാനം. പമ്പമുതൽ മണിക്കൂറുകൾ നീണ്ട കാത്തുനിൽപ്പിനു ശേഷമാണ് തീർഥാടകർക്ക് ദർശനം ലഭിക്കുന്നത്. ഇന്നു രാവിലെ 11 മണിവരെ 34,115 പേർ ദർശനം നടത്തി. പോലീസിൻറെ ആറാം ബാച്ച് ശബരിമലയിൽ ഇന്ന് ചുമതല ഏറ്റെടുത്തു.

******************

## WPL

വനിതാ പ്രീമിയർ ലീഗിൻറെ നാലാം സീസണിന് ഇന്ന് തുടക്കം. നവിമുംബൈയിലെ ഡോ. ഡി വൈ പാട്ടീൽ സ്പോട്സ് അക്കാദമിയിൽ നടക്കുന്ന ആദ്യ മത്സരത്തിൽ ടോസ് നേടിയ റോയൽ ചലഞ്ചേഴ്സ് ബംഗളൂരു, മുംബൈ ഇന്ത്യൻസിനെ ബാറ്റിംഗിന് അയച്ചു.

******************

## UN REPORT- GDP GROWTH

നടപ്പ് സാമ്പത്തിക വർഷത്തിൽ ഇന്ത്യ 7.2 ശതമാനം വളർച്ച കൈവരിക്കുമെന്ന് യു എൻ റിപ്പോർട്ട്. 2026—27 സാമ്പത്തിക വർഷത്തിൽ 6.6 ശതമാനവും , 2027—28 -ൽ 6.8 ശതമാനവും വളർച്ച കൈവരിക്കാൻ
സാധ്യതയുള്ളതായും റിപ്പോർട്ടിൽ പറയുന്നു. സമീപകാല

നികുതി പരിഷ്കാരങ്ങൾ ഉൾപ്പെടെ ഇന്ത്യയുടെ വളർച്ചയെ പിന്തുണക്കുമെന്നുമാണ് വിലയിരുത്തൽ.

******************

## SIR

കേരളത്തിൽ എസ്.ഐ.ആറുമായി ബന്ധപ്പെട്ട് വിഐപി-പ്രവാസി വോട്ടർമാർക്ക് നേരിട്ട് ഹിയറിങ്ങിന് ഹാജരാകാതെ തന്നെ രേഖകൾ സമർപ്പിച്ച് വേരിഫിക്കേഷൻ പ്രക്രിയ പൂർത്തിയാക്കാമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. രേഖകളുടെ കാര്യത്തിൽ തൃപ്തരെങ്കിൽ നടപടി പൂർത്തിയാക്കാനുള്ള അധികാരം ERO/ A.E.R.O മാരിൽ നിക്ഷിപ്തമാണ്.

******************

## ANNOUNCEMENT

കോട്ടയം, എറണാകുളം ജില്ലകളിലേക്കും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലേക്കും ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടന്റിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ ചുറ്റളവിൽ സ്ഥിരതാമസക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് www.newson air.gov.in, prasarbharati.gov.in/pbvacancies എന്നിവ സന്ദർശിക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 31.

******************

************

***